LIBRARY ARCHIVES Kerala Legislative Assembly

റോഡുകളിലെ ഡിവൈഡറുകൾ

223 (4577) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളിൽ അപകടകരമായ വളവുകൾ ഉള്ള സ്ഥലങ്ങളിൽ വാഹനങ്ങൾക്ക് വൺവേ സിസ്റ്റം ഏർപ്പെടുത്തുന്ന തരത്തിൽ ഡിവൈഡറുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയപാതയിൽ അപകടകരമായ വളവുകൾ ഉള്ള സ്ഥലങ്ങൾ പഠന വിധേയമാക്കി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശാനുസരണം നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പുതിയ അലൈൻമെന്റ് നിശ്ചയിക്കുമ്പോൾ റോഡുകളിലെ വളവുകളുടെ കാര്യങ്ങൾ കൂടി കണക്കിലെടുത്താണ് പാതകൾ ഡിസൈൻ ചെയ്യുന്നത്. എന്നാൽ സംസ്ഥാന പാതകളിൽ സ്ഥല ലഭ്യത അനുസരിച്ച് മാത്രമേ ഡിവൈഡറുകൾ സ്ഥാപിച്ച് വൺവേ സിസ്റ്റം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി. റോഡിലുള്ള തണൽ മരങ്ങളിൽനിന്നും പരസ്യബോർഡുകൾ നീക്കം ചെയ്യുന്ന നടപടി

224 (4578) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി. റോഡിലുള്ള തണൽ മരങ്ങളിൽ നിന്നും പരസ്യബോർഡുകൾ നീക്കം ചെയ്യാൻ ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ പരസ്യബോർഡുകൾ നീക്കം ചെയ്യാൻ സമയപരിധി നിശ്ചയിച്ചിരുന്നുവോ ;

(സി) സമയപരിധി കഴിഞ്ഞിട്ടും ഏതൊക്കെ പ്രദേശങ്ങളിൽ പരസ്യ ബോർഡുകൾ ഇനിയും നീക്കം ചെയ്യപ്പെടാനുണ്ട് എന്നറിയിക്കുമോ ;

(ഡി) പരസ്യബോർഡുകൾ നീക്കം ചെയ്യാൻ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ഇ) പരസ്യബോർഡുകൾ സമയപരിധിക്കുശേഷവും നീക്കം ചെയ്യാത്തവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ കളക്ടർ ഉത്തരവിട്ട 19-1-2010 മുതൽ 15 ദിവസത്തിനുള്ളിൽ നീക്കം ചെയ്യണമെന്നാണ് നിർദ്ദേശിച്ചിരുന്നത്.

(സി) സമയപരിധിക്കുള്ളിൽ കുറേയേറെ ബോർഡുകൾ നീക്കം ചെയ്തിട്ടുണ്ട്. ഷൊർണ്ണൂർ നിരത്ത് വിഭാഗം സബ്ഡിവിഷന് കീഴിൽ 20 ശതമാനം ബോർഡുകൾ ഇനിയും നീക്കം ചെയ്യപ്പെടാനുണ്ട്.

(ഡി & ഇ) പരസ്യ ബോർഡുകൾ നീക്കം ചെയ്യുവാനുള്ള അവകാശം ലേലം ചെയ്ത് ഒരു ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. പരസ്യബോർഡുകൾ സമയപരിധിക്കുശേഷവും നീക്കം ചെയ്യാത്തവർക്കെതിരെ അസിസ്റ്റന്റ് എഞ്ചിനീയർമാർ നോട്ടീസ് നൽകിയിട്ടുണ്ട്.

പൊന്നാനി - വെങ്ങളം തീരദേശപാതയുടെ സാദ്ധ്യത സംബന്ധിച്ച്

225 (4579) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി-വെങ്ങളം തീരപ്രദേശപാതയുടെ സാദ്ധ്യത സംബന്ധിച്ച് ആർ.ഐ.ടി.ഇ.എസ്., കെ.ഐ.ടി.സി.ഒ. എന്നീ സ്ഥാപനങ്ങൾ ഇതിനകം പഠനം നടത്തുകയുണ്ടായോ ;

(ബി) ഇതിൽ കെ.ഐ.ടി.സി.ഒ. നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള അലൈൻമെന്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്ഥലമെടുപ്പ്, സർവ്വേ എന്നിവ സംബന്ധിച്ച് കാര്യങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ഇ) പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പൊന്നാനിയിൽ നിന്ന് വെങ്ങളത്തേക്കുള്ള ദൂരത്തിൽ എത്ര കിലോമീറ്ററിന്റെ കുറവുണ്ടാകും എന്ന് വ്യക്തമാക്കുമോ ;

(എഫ്) പദ്ധതി യാഥാർത്ഥ്യമായാൽ ടൂറിസം സാധ്യത വർദ്ധിക്കുമോ ; സമുദ്രോൽപ്പന്നങ്ങളുടെ നീക്കം സുഗമമാകുമോ ; എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൊന്നാനി മുതൽ ഏലത്തൂർ വരെയുള്ള തീരദേശപാത സംബന്ധമായി RITES - ഉം KITCO-യും പഠനം നടത്തുകയുണ്ടായി.

(ബി) ഉണ്ട്. 26-10-2009-ൽ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly